"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ്- കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലറായ ഡോ.എം.കെ.ജയരാജിന്റെ 01/08/2021 മുതലുള്ള നിയമനം പുനർനിയമനമായി കണക്കാക്കി സേവന-വേതന വ്യവസ്ഥകൾ കെ.എസ്.ആർ. ഭാഗം 3 ചട്ടം 100 പ്രകാരം പുനർനിർണ്ണയം നടത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ (കൈ) നം. 576/2021/ഉ.വി.വ

തിരുവനന്തപുരം , തീയതി. 04/12/2021.

പരാമർശം :- 04/09/2020, 07/09/2021 തീയതികളിലെ ഡോ.എം.കെ.ജയരാജിന്റെ 119724/AD-F-ASST-2/2020/Admn നം. കത്തുകൾ

**ഉത്തരവ്**

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ ഫിസിക്സ് വിഭാഗം പ്രൊഫസറായിരുന്ന ഡോ. എം.കെ. ജയരാജ് കാലിക്കറ്റ് സർവ്വകലാശാലയുടെ വൈസ് ചാൻസലറായി 13/07/2020 ൽ ചുമതല ഏറ്റെടുക്കുകയും 31/07/2021 ൽ തന്റെ മാതൃസ്ഥാപനമായ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നിന്നും വിരമിക്കുകയും ചെയ്തിരുന്നു. ടിയാന്റെ വൈസ്ചാൻസിലർ തസ്തികയിലെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനായി പരാമർശിത കത്തുകൾ പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ. എം.കെ. ജയരാജ് 31.7.2021-ന് സർവ്വീസിൽ നിന്ന് വിരമിച്ച സാഹചര്യത്തിൽ, ടിയാന് കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർ സ്ഥാനത്ത് തുടരുന്നതിന് പുനർനിയമനം നടത്തേണ്ടത് ആവശ്യമായതിനാൽ ഡോ. എം.കെ. ജയരാജിന്റെ 01/08/2021 മുതലുള്ള നിയമനം പുനർനിയമനമായി കണക്കാക്കി ടിയാന്റെ സേവന-വേതന വ്യവസ്ഥകൾ കെ.എസ്.ആർ. ഭാഗം 3 ചട്ടം 100 പ്രകാരം പുനർനിർണ്ണയം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു. വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി.

ഡോ.എം.കെ. ജയരാജ്, വൈസ് ചാൻസലർ, കാലിക്കറ്റ് സർവ്വകലാശാല
രജിസ്ട്രാർ. കാലിക്കറ്റ് സർവ്വകലാശാല
രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ.(ഓഡിറ്റ്/(എ&ഇ), കേരള, തിരുവനന്തപുരം
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (01/12/2021 ലെ ഇനം. നം. 403)
ധനകാര്യ വകുപ്പ് (No. 1730633/EDN-C1/55/2021/Fin)
www.highereducation.kerala.gov.in
പൊതുജന വിവര സമ്പർക്ക വകുപ്പ്
ഓഫീസ് കോപ്പി (ബി2/207/2020/ഉ.വി.വ)/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 01-12-2021

ഫയൽ നം. ബി2/207/2020/ഉ.വി.വ. ഇനം നം: 403

വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പ് - കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലറായ ഡോ. എം. കെ. ജയരാജിന്റെ 01/08/2021 മുതലുള്ള നിയമനം പുനർനിയമനമായി കണക്കാക്കി സേവന വേതന വ്യവസ്ഥകൾ കെ.എസ്. ആർ. ഭാഗം 3 ചട്ടം 100 പ്രകാരം പുനർനിർണ്ണയം നടത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

2/12

403

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

### മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ബി 2/207/2020/ഉ.വി.വ |
| 2. | വകുപ്പ് | : | ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് |
| 3. | വിഷയം | : | കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലറായ ഡോ.എം.കെ. ജയരാജിന്റെ 01/08/2021 മുതലുള്ള നിയമനം പുനർ നിയമനമായി കണക്കാക്കി സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം 3 ചട്ടം 100 പ്രകാരം പുനർനിർണയം നടത്തുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 24/09/2021 |
| 5. | (1) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (2) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. വിജയകുമാർ. ആർ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു. വി |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.11.2021 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 25.11.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ. ആർ. ബിന്ദു |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 29.11.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 30.11.2021 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

31/07/2021 ൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നിന്നും പ്രൊഫസറായി സർവ്വീസിൽ നിന്നും വിരമിച്ച കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലറായ ഡോ.എം.കെ. ജയരാജിന്റെ സേവനവേതന വ്യവസ്ഥകൾ പുനർനിയമനമായി കണക്കാക്കി പുനർനിർണ്ണയം ചെയ്യുന്ന വിഷയമാണ് ഈ ഫയലിൽ കൈകാര്യം ചെയ്യുന്നത്.

2. 11/07/2020 ലെ വിജ്ഞാപന പ്രകാരം കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ ഫിസിക്സ് വിഭാഗം പ്രൊഫസറായ ഡോ. എം.കെ. ജയരാജിനെ കാലിക്കറ്റ് സർവ്വകലാശാലയുടെ വൈസ് ചാൻസലറായി നിയമിക്കുകയും 13/07/2020 ൽ അദ്ദേഹം ചുമതല ഏറ്റെടുക്കുകയും ചെയ്തു.

3. ഡോ. എം.കെ. ജയരാജ് 31/07/2021 ൽ തന്റെ മാതൃസ്ഥാപനമായ CUSAT -ൽ നിന്നും വിരമിക്കുകയുണ്ടായി. ടിയാന്റെ വൈസ്ചാൻസിലർ തസ്തികയിലെ സേവനവേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചപ്പോൾ ധനകാര്യവകുപ്പ് താഴെപ്പറയുന്ന പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

"കോഴിക്കോട് സർവകലാശാലയുടെ വൈസ് ചാൻസലറായി നിയമിതനായ ഡോ.എം.കെ. ജയരാജിന്റെ സേവന-വേതന വ്യവസ്ഥകൾ ചുവടെ പറയും പ്രകാരം നിർണ്ണയിക്കാവുന്നതാണ്.

1. The period of appointment as Vice Chancellor from 13.07.2020 to 31.07.2021 may be treated as on deputation.

2. During the period of deputation, he will be entitled to the pay and allowances he would have drawn in Parent Department from time to time. The difference in emoluments of Vice Chancellor (fixed as per Para.6.1.5 (ii) of G.O (P) No 18/2019/HEDN dated 29.06.2019) and the eligible salary of the parent post may also be given as an Allowance subject to the condition that this allowance shall not be protected on termination of service from the University.
3. The Vice Chancellor is eligible for furnished quarters free of rent or HRA 10% of the basic pay in lieu thereof.
4. He is allowed to use the University car as per rules of the University and is entitled to travel in the University car for official journey outside the limit of 8 Kms from Head Quarters and claim TA/DA at rate prescribed by the University.
5. He is entitled to actual boarding charges while on tour relaxing the provisions in Kerala Service Rules.
6. The Vice chancellor and family will be eligible for travelling allowance for assuming/relinquishing charge as Vice-Chancellor.
7. The Vice Chancellor and dependent members of his family will be entitled to medical benefits as per the rules of the University.
8. During the period of deputation, he will continue to be governed by the leave and pension rules of his parent department.
9. He will be allowed to subscribe to the Provident Fund as per rules.
10. He will be eligible for leave travel concession as per rules.
11. The University of Calicut will pay leave salary and pension contribution to his

parent institution for the period of deputation at the rates in force from time to time.

കൂടാതെ ഡോ.എം.കെ. ജയരാജിന്റെ 01/08/2021 മുതലുള്ള നിയമനം പുനർനിയമനമായി കണക്കാക്കി സേവന-വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം 3 ചട്ടം 100 പ്രകാരം (19/01/2016-ലെ സ.ഉ(പി)നം.159/2016/ധന-യ്ക്ക അനുസൃതമായി പരിഷ്കരിച്ചത്) ബഹു. മന്ത്രി സഭയുടെ അനുമതിയോടെ പുനർനിർണ്ണയം നടത്തുവാനും ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിനു ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

4. ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം ഡോ. എം.കെ. ജയരാജിന്റെ കാലിക്കറ്റ് സർവ്വകലാശാലയുടെ വൈസ് ചാൻസലറായുള്ള നിയമനത്തിന്റെ സേവന വേതന വ്യവസ്ഥകൾ 12/08/2021 ലെ സർക്കാർ കത്ത് നം. ബി2/207/2020/ഉ.വി.വ പ്രകാരം ബഹു. ഗവർണ്ണറുടെ പ്രിൻസിപ്പൽ സെക്രട്ടറിയെ അറിയിക്കുകയുണ്ടായി.

5. ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരം കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലറായ ഡോ. എം.കെ. ജയരാജിന്റെ 01/08/2021 ലുള്ള നിയമനം പുനർനിയമനമായി കണക്കാക്കി സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം 3 ചട്ടം 100 പ്രകാരം പുനർ നിർണ്ണയം നടത്തുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

തീരുമാനിക്കേണ്ട വിഷയം

ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. എം. കെ. ജയരാജിന്റെ 01.08.2021 മുതലുള്ള നിയമനം പുനർനിയമനമായി കണക്കാക്കി സേവന വേതന വ്യവസ്ഥകൾ KSR ഭാഗം 3 ചട്ടം 100 പ്രകാരം പുനർനിർണ്ണയം നടത്താവുന്നതാണോ ?